കവർഗ്ഗക്കാർക്ക് ഭവന നിർമ്മാണ ഗ്രാന്റിന്റെ 20% കൂടുതൽ നിരക്കും അനുവദിക്കുന്നു.

7 (*37) **വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എ. കണാരൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ഊർജ്ജവികസനം മെച്ചപ്പെടുത്തുന്നതിനായി ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ഉല്പാദനരംഗത്ത് എത്ര പുതിയ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്;

(ഡി) ഇതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം കമ്മീഷൻ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) കമ്മീഷൻ ചെയ്ത ഓരോ പദ്ധതികളുടെയും ഉല്പാദനക്ഷമതയും ചെലവാക്കിയ തുകയും എത്രവീതമെന്ന് വ്യക്തമാക്കുമോ;

(എഫ്) 2000-ാമാണ്ടോടുകൂടി സംസ്ഥാനത്ത് എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്തിന് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(1) നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക.

(2) പുതുതായി താപ-ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുക.

(3) ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് മുൻഗണന നൽകുക.

(4) സ്വകാര്യ പങ്കാളിത്തത്തോടെ ഉല്പാദന നിലയങ്ങൾ ആരംഭിക്കുക.

(5) പഴക്കംചെന്ന ജലവൈദ്യുത പദ്ധതികളുടെ നവീകരണം, ആധുനികവൽക്കരണം, ശേഷി വർദ്ധിപ്പിക്കൽ എന്നിവ നടപ്പിലാക്കുക.

(6) ക്യാപ്റ്റീവ് പദ്ധതികൾക്ക് അനുമതി നൽകുക.

(7) എല്ലാവിധ ഊർജ്ജസ്രോതസ്സുകളും പ്രയോജനപ്പെടുത്തുക.

(ബി) സംസ്ഥാനത്തിന്റെ ഊർജ്ജ വികസനം മെച്ചപ്പെടുത്തുന്നതിനായി ദീർഘകാലാടിസ്ഥാനത്തിൽ താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്.

884/2010.

LIBRARY ARCHIVES Kerala Legislative Assembly

(1) വൻകിട ജലവൈദ്യുത പദ്ധതികളായ ആതിരപ്പള്ളി (163 മെഗാവാട്ട്) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (100 മെഗാവാട്ട്) എന്നിവ

(2) സ്വകാര്യമേഖലയിൽ കാരിക്കയം (15 മെഗാവാട്ട്) ഭൂതത്താൻകെട്ട് (16 മെഗാവാട്ട്) കുത്തുങ്കൽ (21 മെഗാവാട്ട്) ഉള്ളുങ്കൽ എന്നീ ജല പദ്ധതികൾ - ഇവയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു.

(3) ഡി.ബി പവർ ലിമിറ്റഡ്. കാസർഗോഡ് (107 മെഗാവാട്ട്) കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ് (20 മെഗാവാട്ട്) കണ്ണൂർ പവർ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ് (513 മെഗാവാട്ട്) സിയാസിൽ എനർജി ലിമിറ്റഡ് (521.6 മെഗാവാട്ട്) കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡ് (679 മെഗാവാട്ട്) എന്നീ സ്വകാര്യ/സംയുക്ത മേഖലയിലെ താപ നിലയങ്ങൾ

(4) വരുന്ന 10 വർഷത്തിനുള്ളിൽ മൊത്തം 607.6 മെഗാവാട്ട് സ്ഥാപിത ശേഷി വരുന്ന ചെറുകിട ജല പദ്ധതികൾ

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

(1) കോഴിക്കോട് താപനിലയം 128 മെഗാവാട്ട്

(2) കുറ്റ്യാടി എക്സ്റ്റൻഷൻ (ഒന്നാംഘട്ടം) 50 മെഗാവാട്ട്

(3) ചെമ്പുകടവ് ഒന്നാംഘട്ടം 2.70 മെഗാവാട്ട്

(4) കുറ്റ്യാടി ടെയിൽറേയ്സ് 3.75 മെഗാവാട്ട്

(5) പണി തുടങ്ങാതിരുന്ന കായംകുളം താപനിലയം 350 മെഗാവാട്ട്

(6) കൊച്ചിയിലെ ബി.എസ്.ഇ.എസ്. സ്വകാര്യതാപനിലയം - 157 മെഗാവാട്ട്

(7) ഡി.ബി.പവർ ലിമിറ്റഡ് - കാസർഗോഡ് - സ്വകാര്യതാപ നിലയം 107 മെഗാവാട്ട്

(8) കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ് - സ്വകാര്യ താപനിലയം 20 മെഗാവാട്ട്

(ഡി) ഇതിൽ കോഴിക്കോട് താപനിലയവും (128 മെഗാവാട്ട്) കായംകുളം എൻ.ടി.പി.സി. നിലയവും കൊച്ചിയിലെ ബി.എസ്.ഇ.എസ്. നിലയവും കമ്മീഷൻ ചെയ്തു.

(ഇ) കോഴിക്കോട് താപനിലയത്തിന് (870 മില്യൻ യൂണിറ്റ്) 393.04 കോടി രൂപ ചെലവായി. കായംകുളം താപനിലയത്തിന് ചെലവായ തുകയെ സംബന്ധിച്ച വിവരം ലഭ്യമല്ല.

(എഫ്) 2000-മാണ്ടോടുകൂടി സംസ്ഥാനത്ത് 2626 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. (കേന്ദ്രവിഹിതം കൂടാതെ).

8 (*38) അണക്കെട്ടുകളുടെ സുരക്ഷ

ശ്രീ. ടി.കെ. ബാലൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. വി.കെ. ചന്ദ്രൻ :

LIBRARY ARCHIVES Kerala Legislative Assembly